**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 427** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വ്യവസായ സൗഹൃദ സംസ്ഥാനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. എം. വിജിൻ

ശ്രീമതി ഒ. എസ്. അംബിക

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത്, കേന്ദ്രസർക്കാരിന്റെ 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ് ' സൂചികയിൽ കേരളം ഒന്നാം സ്ഥാനം നേടി രാജ്യത്തെ ഏറ്റവും മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമായി മാറിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** വിവിധ രാജ്യങ്ങളുടെ വ്യവസായ സൗഹൃദ റാങ്കിങ് നിശ്ചയിക്കുന്നതിനായി വേൾഡ് ബാങ്ക് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' സൂചികയിൽ 2024, 2025 വർഷങ്ങളിൽ കേരളത്തിന് രാജ്യത്തെ 'ടോപ് അച്ചീവർ' സ്ഥാനം ലഭിച്ചിട്ടുണ്ട്.

ലോക ബാങ്കിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് സൂചികയുടെ ചുവട് പിടിച്ച് കേന്ദ്ര സർക്കാർ, വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡിപിഐഐടി) വഴി, സംസ്ഥാനങ്ങളേയും, കേന്ദ്രഭരണ പ്രദേശങ്ങളേയും അവയുടെ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നതിനായി 2014-2015 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ പുറത്തിറക്കുന്നുണ്ട്. ഇതുവരെ, ഈ ആക്ഷൻ പ്ലാനിന്റെ 8 പതിപ്പുകളാണ് (2015, 2016, 2017, 2019, 2020, 2022, 2024, 2026) ഡിപിഐഐടി പുറത്തിറക്കിയിരിക്കുന്നത്.

പ്രസ്തുത സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാനിൽ (SBRAP) സംസ്ഥാനത്തിന് തുടർച്ചയായി മികച്ച പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുണ്ട്. ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ 22 വകുപ്പുകൾ/ഏജൻസികളെ ഉൾപ്പെടുത്തി 30 പരിഷ്കരണ മേഖലകളിലായി 352 ശുപാർശകളാണ് ഉൾപ്പെടുത്തിയിരുന്നത്. ഇവയിൽ 261 എണ്ണം ബിസിനസ് കേന്ദ്രീകൃതവും ശേഷിക്കുന്ന 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. ഈ പരിഷ്കരണ ശുപാർശകളിൽ 91 ശതമാനവും നടപ്പിലാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. കൂടാതെ, സംരംഭകരിൽ നിന്നുള്ള പ്രതികരണങ്ങളെ പൂർണമായും അടിസ്ഥാനമാക്കി തയ്യാറാക്കിയ 2022-ലെ സൂചികയിൽ, വിവിധ പരിഷ്കരണ മേഖലകളിൽ 95 ശതമാനത്തിലധികം പോസിറ്റീവ് ഫീഡ്ബാക്ക് സ്കോർ നേടിയ സംസ്ഥാനങ്ങളെയാണ് ഡിപിഐഐടി (DPIIT) “ടോപ്പ് അച്ചീവർ” വിഭാഗത്തിൽ ഉൾപ്പെടുത്തിയത്. ഈ 30 പരിഷ്കരണ മേഖലകളിൽ ഒമ്പത് മേഖലകളിൽ കേരളം “ടോപ്പ് അച്ചീവർ” സ്ഥാനം നേടി. രാജ്യത്തിൽ തന്നെ ഏറ്റവുമധികം മേഖലകളിൽ ടോപ്പ് അച്ചീവർ സ്ഥാനം നേടിയ സംസ്ഥാനവും കേരളമാണ്.

ബിസിനസ് റിഫോം ആക്ഷൻ പ്ലാനിന്റെ 2024-ലെ പതിപ്പിലും കേരളം മികച്ച പ്രകടനം തുടരുകയും തുടർച്ചയായ രണ്ടാം വർഷവും ശ്രദ്ധേയ നേട്ടം കൈവരിക്കുകയും ചെയ്തു. SBRAP 2024 പ്രകാരം കേരളത്തെ "ഫാസ്റ്റ് മൂവർ" വിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ വർഷത്തെ വിലയിരുത്തലിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങൾക്കാണ് "ഫാസ്റ്റ് മൂവർ" പദവി ലഭിച്ചത്. 2022-ൽ 91 ശതമാനമായിരുന്ന പരിഷ്കരണങ്ങളുടെ നടപ്പാക്കൽ നിരക്ക് 2024-ൽ 99.1 ശതമാനമായി ഉയർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞതാണ് ഈ നേട്ടത്തിന് അടിസ്ഥാനം. വിവിധ വകുപ്പുകളിലുടനീളം നടപ്പിലാക്കിയ പരിഷ്കാരങ്ങളുടെ ഗുണനിലവാരവും സ്ഥിരതയും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ നാല് വ്യവസായ-കേന്ദ്രീകൃത മേഖലകളിൽ "ടോപ്പ് അച്ചീവർ" സ്ഥാനവും കേരളം കരസ്ഥമാക്കി. Business Entry, Labour Regulation Enablers, Obtaining Utility Permits, Sector-Specific Healthcare എന്നീ മേഖലകളിൽ കേരളം "ടോപ്പ് അച്ചീവർ" വിഭാഗത്തിൽ ഇടം നേടി.

**(ബി)** സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ എത്ര പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 3,53,455 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**(സി)** ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപവും എത്ര പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

**<u>മറുപടി:</u>** സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 3,53,455 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22,721.14 കോടി രൂപയുടെ നിക്ഷേപവും 7,50,529 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

**(ഡി)** സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് നടത്തി വന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തെ കൂടുതൽ വ്യവസായ-നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി സർക്കാർ സമഗ്രമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി കേരളം കേന്ദ്ര സർക്കാരിന്റെ Ease of Doing Business റാങ്കിംഗിൽ Top Performer സംസ്ഥാനമായി മാറി.

### കെ-സ്വിഫ്റ്റ് (K-SWIFT)

വ്യവസായ അനുമതികളും ക്ലിയറൻസുകളും ഏകജാലക സംവിധാനത്തിലൂടെ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി K-SWIFT പോർട്ടൽ പ്രവർത്തിക്കുന്നു.

### MSME സുഗമമാക്കൽ നിയമം, 2019

ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത പുതിയ MSME സംരംഭങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനാനുമതി ഉൾപ്പെടെയുള്ള നിയമാനുസൃത അനുമതികളിൽ നിന്ന് 3 വർഷം 6 മാസം വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഉപയോഗിച്ച് കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിലും സംരംഭം ആരംഭിക്കാം.

### കെ-സിസ് (K-CIS)

പരിശോധനകളിലെ കാലതാമസം ഒഴിവാക്കാൻ കമ്പ്യൂട്ടർ അധിഷ്ഠിത കേന്ദ്രീകൃത പരിശോധനാ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

### വ്യവസായ നയം 2023

"Responsible Investment – Responsible Industry" എന്ന ആശയത്തെ അടിസ്ഥാനമാക്കി പുതിയ വ്യവസായ നയം നടപ്പിലാക്കി.

### സംരംഭക പിന്തുണാ സംവിധാനങ്ങൾ

ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ MSME ക്ലിനിക്ക് പദ്ധതി, 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെ Enterprise Facilitation Centres ആക്കി മാറ്റൽ, ജില്ലാ/താലൂക്ക് റിസോഴ്സ് പേഴ്സൺ നിയമനം, RAMP പദ്ധതിയുടെ ഭാഗമായി 500 Business Development Service Providerമാരുടെ സേവനം എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

### പരാതി പരിഹാര സംവിധാനം

2022-ലെ ഭേദഗതി നിയമപ്രകാരം ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചു. ₹10 കോടി വരെ നിക്ഷേപമുള്ള സ്ഥാപനങ്ങളുടെ പരാതികൾ ജില്ലാ കമ്മിറ്റിയും അതിലധികമുള്ളവ സംസ്ഥാന കമ്മിറ്റിയും പരിഗണിക്കുന്നു. ഇതിനായി ഓൺലൈൻ പോർട്ടലും പ്രവർത്തിക്കുന്നു.

### കേരള ബ്രാൻഡ് പദ്ധതി

കേരളത്തിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തി ദേശീയ-അന്തർദേശീയ വിപണികൾ പ്രാപ്യമാക്കുന്നതിനായി കേരള ബ്രാൻഡ് പദ്ധതി നടപ്പിലാക്കുന്നു.

### MSME ഇൻഷ്വറൻസ് പദ്ധതി

MSMEകൾക്ക് വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50% (പരമാവധി ₹5,000) വരെ റീഇംബഴ്സ്മെന്റ് അനുവദിക്കുന്നു.

### മിഷൻ 1000 (Scale Up Mission)

1000 MSMEകളെ നാല് വർഷത്തിനുള്ളിൽ ₹100 കോടി ശരാശരി വിറ്റുവരവുള്ള സ്ഥാപനങ്ങളാക്കി ഉയർത്തുക എന്ന ലക്ഷ്യമാക്കി പദ്ധതി നടപ്പിലാക്കുന്നു. 534 സ്ഥാപനങ്ങൾ ഇതിനകം തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

### ഗാല (GALA) പദ്ധതി

ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് പരിമിത ഭൂമിയിൽ കൂടുതൽ സംരംഭങ്ങൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിച്ചു. എടയാർ, പുന്നപ്ര എന്നിവിടങ്ങളിൽ സമുച്ചയങ്ങൾ പൂർത്തിയായി. ഷൊർണ്ണൂരിൽ പുതിയ പദ്ധതി ആരംഭിച്ചിട്ടുള്ളതോടൊപ്പം ആറ് പുതിയ സമുച്ചയങ്ങൾക്കായി DPR തയ്യാറാക്കുന്നു.

### സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

കുറഞ്ഞത് 10 ഏക്കർ ഭൂമിയുള്ള സ്ഥാപനങ്ങൾക്കും 5 ഏക്കർ ഭൂമിയുള്ളവർക്ക് SDF സ്ഥാപിക്കാനുമായി അപേക്ഷിക്കാം. അടിസ്ഥാന സൗകര്യ വികസനത്തിനായി ഏക്കറിന് ₹30 ലക്ഷം നിരക്കിൽ പരമാവധി ₹3 കോടി വരെ ധനസഹായം അനുവദിക്കുന്നു. ഇതുവരെ 52 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

### ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഉപയോഗിക്കാത്ത ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള പദ്ധതിയാണിത്. അടിസ്ഥാന സൗകര്യ വികസനത്തിന് ഏക്കറിന് ₹20 ലക്ഷം നിരക്കിൽ പരമാവധി ₹1.5 കോടി വരെ സഹായം ലഭിക്കും. 11 ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

## പുതിയ ലാൻഡ് റൂൾ

വ്യവസായ വികസന ഏരിയകളിലെ ഭൂമി അനുവദിക്കൽ, കൈമാറ്റം, പട്ടയം നൽകൽ എന്നിവ ലളിതമാക്കുന്നതിനായി 2023-ൽ പുതിയ ലാൻഡ് റൂൾ നിലവിൽ വന്നു.

## നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

₹10 ലക്ഷം വരെ പ്രോജക്ട് ചെലവുള്ള ചെറുസംരംഭങ്ങൾക്ക് ജനറൽ വിഭാഗത്തിന് 30% (പരമാവധി ₹3 ലക്ഷം) വരെയും പ്രത്യേക വിഭാഗങ്ങൾക്ക് 40% (പരമാവധി ₹4 ലക്ഷം) വരെയും മാർജിൻ മണി ഗ്രാന്റ് നൽകുന്നു.

## MSME അപ്ഗ്രഡേഷൻ പദ്ധതി (മിഷൻ 1000)

സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളിലേക്കും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളിലേക്കും ഉയർത്തുന്നതിനായി സ്ഥിരമൂലധന സബ്സിഡി (പരമാവധി ₹2 കോടി), പലിശ സബ്സിഡി (പരമാവധി ₹50 ലക്ഷം), DPR ചെലവ് റീഇംബഴ്സ്മെന്റ് (പരമാവധി ₹1 ലക്ഷം) എന്നിവ അനുവദിക്കുന്നു.

### ഒരു കുടുംബം ഒരു സംരംഭം

2022-23 സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിച്ച പദ്ധതി. ₹10 ലക്ഷം വരെ ബാങ്ക് വായ്പയ്ക്ക് 4%-ന് മുകളിലുള്ള പലിശയിൽ 6% വരെ സബ്സിഡി അഞ്ച് വർഷത്തേക്ക് അനുവദിക്കുന്നു.

## തകർച്ച നേരിടുന്ന MSMEകളുടെ പുനരുജ്ജീവന പദ്ധതി

Stressed MSMEകൾക്ക് പരമാവധി ₹6 ലക്ഷം വരെയും Defunct MSME/കശുവണ്ടി യൂണിറ്റുകൾക്ക് പരമാവധി ₹8 ലക്ഷം വരെയും ധനസഹായം നൽകുന്നു.

## പ്രധാനമന്ത്രി തൊഴിൽ ദായക പദ്ധതി (PMEGP)

പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഗ്രാമ-നഗര മേഖലകളിൽ തൊഴിൽ സൃഷ്ടിക്കുന്നതിനുമായി കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ്-ലിങ്ക്ഡ് പദ്ധതി നടപ്പിലാക്കുന്നു.

### ASHA പദ്ധതി

കരകൗശല വിദഗ്ധർക്ക് പരമാവധി ₹5 ലക്ഷം (ജനറൽ), ₹7.5 ലക്ഷം (പ്രത്യേക വിഭാഗങ്ങൾ) വരെ ഒറ്റത്തവണ ധനസഹായം.

## പ്രത്യേക സംരംഭകത്വ പ്രോത്സാഹന പരിപാടികൾ

2025 ഒക്ടോബർ 14-ന് കൊല്ലത്ത് **Cashew Conclave** സംഘടിപ്പിക്കുകയും കശുവണ്ടി, മുള അധിഷ്ഠിത വ്യവസായങ്ങൾ, കരകൗശല സംരംഭകത്വം എന്നിവയുടെ പ്രോത്സാഹനത്തിന് 2025 ഡിസംബറിൽ കൊച്ചിയിൽ Kerala Bamboo Fest സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**